I ഇ.ബി. XII - കേരള നിയമസഭ/XV-19

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

### സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് അഖിലേന്ത്യാ മെഡിക്കൽ കൗൺസിലുകളുടെ അംഗീകാരം

മി. സ്പീക്കർ : സർക്കാരുമായി കരാർ ഒപ്പുവച്ച പല സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്കും അഖിലേന്ത്യാ കൗൺസിലുകളുടെ അംഗീകാരം ലഭിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജുകൾ, സർക്കാർ/സ്വകാര്യ ഡെന്റൽ കോളേജുകൾ, ആയുർവേദ/ഹോമിയോ/സിദ്ധ കോളേജുകൾ, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളിലെ ഓപ്ഷനും അലോട്ട്മെന്റും നടത്താതിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.പി. മോഹനൻ,

കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ ചില കോളേജുകൾക്ക് നൽകിയിരുന്ന അംഗീകാരം പിൻവലിച്ചതുകൊണ്ടാണ് ആദ്യഘട്ടത്തിൽ സ്വാശ്രയ മെഡിക്കൽകോളേജുകളിൽ അലോട്ട്മെന്റ് നടത്താൻ കഴിയാതിരുന്നത്. ഇപ്പോൾ അസീസിയ, എസ്.യു.ടി. മെഡിക്കൽ കോളേജുകൾ ഒഴികെ മറ്റ് മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിച്ചതായി അറിഞ്ഞിട്ടുണ്ട്. ആയുർവേദ കോളേജുകളെ സംബന്ധിച്ച് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. സർക്കാർ മെഡിക്കൽകോളേജുകളിലും സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലും നാലുഘട്ട അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗിന് അലോട്ട്മെന്റ് നടത്തി ജൂലൈ 21-ന് തന്നെ ക്ലാസ്സുകളും ആരംഭിച്ചു. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വളരെ ജാഗ്രതയോ ടുകൂടി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എം.ബി.ബി.എസ്., ആയുർവേദം, ഹോമിയോ, സിദ്ധ, ബി.ഡി.എസ്., അഗ്രികൾച്ചർ എന്നിവ ഇന്റർ ലിങ്ക്ഡ് കോഴ്സുകളായതുകൊണ്ട് ഒന്നിച്ച് അലോട്ട്മെന്റ് തുടങ്ങിയില്ലെങ്കിൽ അതിന്റേതായ പ്രശ്നങ്ങൾ ഉണ്ടാകും. സെപ്റ്റംബർ 30 വരെ സമയമുണ്ടെ ങ്കിലും മെഡിക്കൽ കൗൺസിലിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളാണ് ഇതിന് കാരണമായിട്ടുള്ളത്. എത്രയും പെട്ടെന്ന് അംഗീകാരം ലഭ്യമാക്കി ഒരാഴ്ചയ്ക്കകം അലോട്ട്മെന്റ് നടത്താൻ കഴിയുമെന്നാണ് എൻട്രൻസ്

കമ്മിഷണർ അറിയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി.ഡി. സതീശൻ</u> : മെഡിക്കൽ പ്രവേശന പരീക്ഷാഫലം വന്ന് ഒരു മാസം കഴിഞ്ഞിട്ടും മെഡിക്കൽ/അഗ്രികൾച്ചറൽ കോഴ്സുകളുടെ പ്രവേശനവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മെഡിക്കൽ കൗൺസിലിൽ ഉണ്ടായിട്ടുള്ള കുഴപ്പങ്ങളാണ് ഇതിന് കാരണമെന്ന് പറയുന്നത് ദൗർഭാഗ്യകരമാണ്. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പല കോളേജുകൾക്കും സ്ഥാപനങ്ങൾക്കും അംഗീകാരം പിൻവലിച്ചതിനു പ്രധാനകാരണം ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതു കൊണ്ടും മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിക്കാതെ പ്രവർത്തിക്കുന്നതുകൊണ്ടുമാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജുകൾ, സർക്കാർ/സ്വകാര്യ ഡന്റൽ കോളേജുകൾ, ആയുർവേദ/ ഹോമിയോ/സിദ്ധ കോളേജുകൾ, കാർഷിക സർവ്വകലാശാലയിലെ വിവിധ കോഴ്സുകൾ ഇവയ്ക്കൊന്നും ഇതുവരെ ഓപ്ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. മെഡിക്കൽ പ്രവേശന പരീക്ഷ റാങ്ക് പട്ടികയിൽ യോഗ്യത നേടിയ പതിനായിരം വിദ്യാർത്ഥികൾക്കുമാത്രമേ ഇതുവരെ ഓപ്ഷൻ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ മെഡിക്കൽ, ഡെന്റൽ, ആയുർവേദ, ഹോമിയോ കോളേജുകളിൽ പലതിനും അഖിലേന്ത്യാ കൗൺസിലുകളുടെ അംഗീകാരം ഇല്ലാതിരുന്ന സമയത്ത് കരാറിൽ ഏർപ്പെട്ട സർക്കാർ ഇപ്പോൾ അവർക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ടി കാത്തിരിക്കുന്ന അവസ്ഥയിലാണ്. രണ്ട് മെഡിക്കൽ കോളേജുകൾക്കും കുറേ ആയുർവേദ, ഡെന്റൽ കോളേജുകൾക്കും സിദ്ധ-ഹോമിയോ കോളേജുകൾക്കും അഖിലേന്ത്യാ കൗൺസിൽ

അംഗീകാരം കൊടുക്കാത്തതിന്റെ ഫലമായി മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം കാത്തിരുന്ന ഒരു വിഭാഗം വിദ്യാർത്ഥികൾ അയൽ സംസ്ഥാനങ്ങളിൽ പ്രവേശനം നേടി. അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. ബയോ മാത്ത്സ് വിഷയങ്ങളിൽ എൻട്രൻസ് പരീക്ഷ എഴുതുന്നവർക്ക് മെഡിസിനും എഞ്ചിനീയറിംഗിനും പ്രവേശനം ലഭിക്കുമെന്നിരിക്കെ എഞ്ചിനീയറിംഗിന്റെ നാല് അലോട്ട്മെന്റുകളും കഴിഞ്ഞത് കുഴപ്പം സൃഷ്ടിച്ചിരിക്കുകയാണ്. നാല് അലോട്ട്മെന്റുകളും കഴിഞ്ഞ് വിദ്യാർത്ഥികൾ വേറെ കോളേജുകളിലേയ്ക്ക് പോയാൽ വൻതുക പിഴയായി ചുമത്തും. ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന വ്യവസ്ഥകൾ പലതും സ്വാശ്രയ കോളേജുകളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. 5 സർക്കാർ മെഡിക്കൽകോളേജിലും 2 സഹകരണ മെഡിക്കൽകോളേജിലും മാത്രമേ എം.ബി.ബി.എസ്. പ്രവേശനം നടന്നിട്ടുള്ളു. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇന്റർചർച്ച് കൗൺസിലിന്റെ കീഴിലുള്ള സ്വാശ്രയ മെഡിക്കൽകോളേജിൽ ചേർന്ന കുട്ടികൾക്ക് സർക്കാർ സീറ്റിൽ എം.ബി.ബി.എസ്-ന് അഡ്മിഷൻ കിട്ടിയാൽ അവർക്ക് കോളേജിൽ ചേരണമെങ്കിൽ 5 വർഷത്തെ ഫീസ് മുഴുവൻ കൊടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. മെഡിക്കൽ-അഗ്രിക്കൾച്ചറൽ-നഴ്സിംഗ്-ബി.ഫാം കോഴ്സുകളിൽ പ്രവേശനം ഉറപ്പായ വിദ്യാർത്ഥികൾപോലും അനിശ്ചിതത്വം മൂലം ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഡിഗ്രി കോഴ്സിന് ചേർന്നിരിക്കുകയാണ്. സംസ്ഥാനത്ത് പ്ലസ് ടു-വിന് 85 ശതമാനത്തോളം മാർക്കുള്ള കുട്ടികൾപോലും അഡ്മിഷൻ കിട്ടാതെ പുറത്തുനിൽക്കുകയാണ്. ഡിഗ്രി കോഴ്സിന് ചേർന്ന കുട്ടികൾ

എം.ബി.ബി.എസ്-നോ മറ്റേതെങ്കിലും മെഡിക്കൽ കോഴ്സിനോ അഡ്മിഷൻ കിട്ടി മാറുമ്പോൾ പുറത്തുനിൽക്കുന്ന കുട്ടികൾക്ക് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ കയറാൻ കഴിയാതെ യൂണിവേഴ്സിറ്റികൾ അഡ്മിഷൻ ക്ലോസ് ചെയ്യും. പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം ലഭിക്കുന്നതോടു കൂടി ഈ സീറ്റുകൾ മുഴുവൻ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയുണ്ടാകും. മെഡിക്കൽ കോളേജുകൾക്കുപുറമേ ഡെന്റൽ, ആയൂർവേദ, ഹോമിയോ, സിദ്ധ കോളേജുകളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ എൻട്രൻസ് കമ്മീഷണർക്ക് ലഭിച്ചാൽ മാത്രമേ ഓപ്ഷൻ രജിസ്ട്രേഷനും അലോട്ട്മെന്റും നടത്തുകയുള്ളൂ എന്ന നിലപാട് സർക്കാർ തിരുത്തണം. ഇത്തരം മൂന്നാല് സ്വാശ്രയ മാനേജ്മെന്റുകൾക്കുവേണ്ടി കേരളത്തിലെ പ്രൊഫഷണൽ/ഡിഗ്രി വിദ്യാഭ്യാസരംഗം മുഴുവൻ താളംതെറ്റിക്കുന്ന അവസ്ഥയുണ്ടായിരിക്കുന്നു. ഈ സർക്കാരുമായി കരാർ ഒപ്പുവച്ച 11 സ്വാശ്രയ മെഡിക്കൽകോളേജുക ളിലെ മാനേജ്മെന്റ് സീറ്റിന് പ്രവേശന പരീക്ഷയ്ക്കുള്ള ആപ്ലിക്കേഷൻ ഫോം ലഭ്യമാകുന്നതിന് 10 ലക്ഷം രൂപകൊടുക്കണം. വെബ്സൈറ്റിൽ ഫോമുണ്ടെങ്കിലും അത് ഡൗൺലോഡ് ചെയ്യാൻ സാധിക്കില്ല. പ്രവേശന പരീക്ഷ എന്ന പ്രഹസനത്തെ ഈ സർക്കാർ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽകോളേജുകളിലെ അഡ്മിഷൻ സംവി ധാനത്തെ മുഴുവൻ തകിടം മറിക്കുകയും ആയിരക്കണക്കിന് വിദ്യാർത്ഥി കളേയും രക്ഷിതാക്കളേയും നെട്ടോട്ടമോടിക്കുകയും സർക്കാരുമായി കരാർ ഒപ്പിട്ട കോളേജുകൾക്ക് കോഴ വാങ്ങിക്കാനുള്ള അവസരമുണ്ടാക്കകുകയും ചെയ്ത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം മുഴുവൻ അലങ്കോലപ്പെടു

ത്തിയ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചോയെന്നും ഇതൊരു പുതിയ പ്രശ്നമാണോയെന്നും സംസ്ഥാന സർക്കാരിന് ഇതിൽ പങ്കുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. കഴിഞ്ഞവർഷം അംഗീകാരം ഉണ്ടായിരുന്ന കോളേജുകൾക്ക് ഈ വർഷം മെഡിക്കൽ കൗൺസിൽ അംഗീകാരം പിൻവലിച്ചതിലൂടെയുള്ള പ്രശ്നമാണ് വന്നിരിക്കുന്നത്. വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും യാതൊരു ബുദ്ധിമുട്ടുമുണ്ടാകാത്ത വിധത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് നിയമപരമായി ചെയ്യേണ്ട സാധ്യമായ എല്ലാകാര്യങ്ങളും ചെയ്തിട്ടുണ്ട്. ആയുർവേദം, ഹോമിയോ, സിദ്ധ, അഗ്രിക്കൾച്ചർ തുടങ്ങിയ മെഡിക്കൽ സ്ട്രീമിലെ അലോട്ട്മെന്റുകളുടെ പ്രശ്നമാണ് വന്നിട്ടുള്ളത്. എംബി.ബിഎസ് അഡ്മിഷന്റെ കാര്യത്തിൽ അംഗീകാരം ലഭിച്ച 11 സ്വാശ്രയ കോളേജുകളിലും 5 സർക്കാർ കോളേജുകളിലും അലോട്ട്മെന്റ് നടത്താനുള്ള എല്ലാ നടപടികളും ഡിപ്പാർട്ടുമെന്റ് പൂർത്തീകരിച്ച് എൻട്രൻസ് കമ്മീഷണർ നടപടി ആരംഭിച്ചുകഴിഞ്ഞു. ഡെന്റൽ കോളേജുകളിലെ അലോട്ട്മെന്റിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. ഗവൺമെന്റ് മേഖലയിലെ രണ്ട് ആയുർവേദ കോളേജുകൾക്ക് ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രയോറിറ്റി അനുസരിച്ചുമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. 2010 സെപ്റ്റംബർ മാസം 30 വരെ

അലോട്ട്മെന്റിന് സമയമുണ്ട്. സ്വാശ്രയ മെഡിക്കൽകോളേജുകളിലെ മാനേജ്മെന്റ് സീറ്റിനുള്ള എൻട്രൻസ് പരീക്ഷയുടെ അപേക്ഷാഫോറം ലഭ്യമാകുന്നതിന് 10 ലക്ഷം രൂപ ഫീസ് വാങ്ങുന്നതിനെപ്പറ്റി പ്രത്യേകം പരിശോധിക്കും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>ടീച്ചർ എഡ്യുക്കേഷൻ സെന്ററുകൾക്ക് എൻ.സി.ടി.ഇ. അംഗീകാരം</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ</u>: കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്നതും ഏതാണ്ട് രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠിച്ചുവരുന്നതുമായ പത്ത് ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങളില്ലായിരുന്നെങ്കിലും പിന്നീട് സർവ്വകലാശാലാ ഫണ്ടും എം.പി.-എം.എൽ.എ. ഫണ്ടുമുപയോഗിച്ച് ഹൈസ്ക്കൂൾ കോമ്പൗണ്ടുകളിൽ കെട്ടിടസൗകര്യങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. കേരള സർവ്വകലാശാലയുടെ കീഴിലുള്ള ബി.എഡ്. കോളേജുകളിൽ അടിസ്ഥാനസൗകര്യമില്ല എന്നുപറഞ്ഞുകൊണ്ട് സ്വാശ്രയ മാനേജ്മെന്റ് സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ തവണ

എ.ഐ.സി.ടി. ഇ. അംഗീകാരം നിഷേധിച്ചു. സർവ്വകലാശാലയും ഗവൺമെന്റും ഇതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കാമെന്ന് ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തിയെങ്കിലും പ്രവർത്തനാനുമതി നൽകിയില്ല. കോളേജുകളിലെ അസൗകര്യങ്ങൾ ചൂണ്ടികാണിച്ചപ്പോൾ അതിനെല്ലാം പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തു. കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉണ്ടായിക്കഴിഞ്ഞുവെന്നും ഇനിയുള്ള സൗകര്യക്കുറവ് പരിശോധിച്ച് കുറവുണ്ടെങ്കിൽ അത് പരിഹരിക്കാൻ സർവ്വകലാശാല തയ്യാറാണെന്നും കാണിച്ച് നിരവധി തവണ കത്തെഴുതിയെങ്കിലും എൻ.സി.ടി.ഇ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്ന സമീപനമാണ് എൻ. സി. ടി. ഇ. സ്വീകരിക്കുന്നത്. ആവശ്യത്തിന് കുട്ടികളെ കിട്ടാത്തതും കോഴ ലഭിക്കാത്തതുകൊണ്ടുമാണ് സ്വാശ്രയ ബി.എഡ്. മാനേജ്മെന്റുകാർ ഹർജി ഫയൽ ചെയ്തത്. ഉന്നത പഠനനിലവാരം പുലർത്തുന്ന കേരള സർവ്വകലാശാലയുടെ ബി. എഡ്. കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ആദ്യ റാങ്കുകളെല്ലാം കിട്ടുന്നത്. കേന്ദ്ര മാനവവിഭവ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ബി. എഡ്. കോളേജിന് എൻ. സി. ടി. ഇ. അംഗീകാരം എത്രയും പെട്ടെന്ന് നേടിയെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന പത്ത് ബി. എഡ്. കോളേജുകൾ 2008-09 അക്കാഡമിക് വർഷംവരെ എൻ. സി. ടി. ഇ. അംഗീകാരത്തോടെയാണ്

പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ ഇവയുടെ അംഗീകാരം റദ്ദാക്കിക്കൊണ്ട് എൻ. സി. ടി. ഇ.-യിൽനിന്നും സർവ്വകലാശാലയ്ക്ക് അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് സർവ്വകലാശാല അപ്പീൽ പോയെങ്കിലും അതും എൻ. സി. ടി. ഇ. നിരസിക്കുകയുണ്ടായി. ബി. എഡ്. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടങ്ങളും 30 വർഷത്തിൽ കുറയാതെയുള്ള പാട്ടവ്യവസ്ഥയിൽ ദീർഘ കാലാടിസ്ഥാനത്തിൽ അനുവദിക്കുക എന്നതായിരുന്നു അംഗീകാരം തുടരുന്നതിന് എൻ. സി. ടി. ഇ. ഉന്നയിച്ച ആവശ്യം. 10-07-2009-ലെ സർക്കാർ ഉത്തരവിലൂടെ 33 വർഷം അതാത് സ്വയംഭരണസ്ഥാപനങ്ങളുമായി പാട്ടക്കരാറിലേർപ്പെടുന്നതിനും കോളേജുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമം നടന്നുവരികയാണ്. 2009-10 അക്കാഡമിക് വർഷം ഹൈക്കോടതിയുടെ അനുമതിയോടുകൂടി കോഴ്സ് നടത്തിയിരുന്നു. കേരള സർവ്വകലാശാലയുടെ കീഴിലുള്ള ബി.എഡ്. സെന്ററുകളിൽ 1770 കുട്ടികൾക്ക് പഠിക്കാൻ കഴിയും. 200-ലധികം അദ്ധ്യാപക-അനദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. മറ്റ് ബി.എഡ്. കോളേജുകളിൽനിന്നും വ്യത്യസ്തമായി സർക്കാരിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ടും ഫീസ് കുറച്ചുമാണ് ഇവിടെ പ്രവേശനം നടത്തുന്നത്. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഏക അവസരം നഷ്ടപ്പെടുമെന്നതിനാൽ തുടർന്നും ബി. എഡ്. കോഴ്സ് നടത്താൻ എൻ. സി. ടി. ഇ. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്. ഹ്യൂമൻ റിസോഴ്സസ് മിനിസ്ട്രിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി

ശ്രീ. ജി. കാർത്തികേയൻ : സംസ്ഥാന ഗവൺമെന്റിന്റെ അശ്രദ്ധ കൊണ്ടും താൽപ്പര്യക്കേടുകൊണ്ടും പല കേന്ദ്രാവിഷ്കൃത പദ്ധതികളും പൂർണ്ണതയിലെത്തുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതി ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തുണ്ടായിരുന്ന ഐ.ആർ. ഡി. പി. പദ്ധതി 1999–2000 മുതൽ എസ്. ജി. എസ്. ആർ. വൈ. ആക്കി. ഇപ്പോൾ എൻ. ആർ. എൽ. എം. എന്ന പുതിയ പേര് നൽകി ഡ്രാഫ്റ്റ് ഗൈഡ്‌ലൈൻ ഇറക്കിയിട്ടുള്ളതിൽ സംഘടനാ സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നുമുണ്ട്. കേരളത്തിൽ ഈ പദ്ധതി ഒക്ടോബർ-2 മുതൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനവുമുണ്ട്. ഒരു സെപ്പറേറ്റ് എന്റിറ്റി വേണമെന്ന് ഡ്രാഫ്റ്റ് ഗൈഡ്‌ലൈനിൽ വ്യക്തമായി പറയുന്നുണ്ട്. 2016–17 സാമ്പത്തിക വർഷത്തോടുകൂടി ദാരിദ്ര്യം പൂർണ്ണമായും തുടച്ചുനീക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേരളത്തിൽ പ്രത്യേക സംവിധാനമൊന്നുമുണ്ടാക്കിയിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ' പഞ്ചായത്തുകളുമായി നേരിട്ട് ബന്ധമില്ലാത്ത കുടുംബശ്രീയെക്കൊണ്ട് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ അത് പൂർണ്ണതയിലെത്തിക്കാൻ സാധിക്കാതെവരും. സംഘാടകതലത്തിലുള്ള തകരാറ് കൊണ്ടും ദീർഘവീക്ഷണമില്ലായ്മകൊണ്ടും ഈ പദ്ധതി പരാജയപ്പെടാനിടവരരുത്. ഈ പദ്ധതിക്ക് സെപ്പറേറ്റ് എന്റിറ്റിയും ഇതിന്റെ ഗുണഫലം സാധാരണക്കാരന് കിട്ടുന്നതിനുള്ള സംവിധാനവുമുണ്ടാകണം. പ്രത്യേക താൽപര്യങ്ങളുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങൾ ഇത് മിസ്‌ലീഡ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം.

2010 ഒക്ടോബർ 2-ാം തീയതി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ആരെ ഏൽപ്പിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കത്തക്കവണ്ണം നടപ്പിലാക്കാൻ ശ്രമിക്കുന്ന ഒരു ഗവൺമെന്റാണ് സംസ്ഥാനത്തുള്ളത്. എൻ.ആർ.എൽ.എം. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കാനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ കുടുംബശ്രീ പ്രവർത്തിക്കുന്നത് സ്തുത്യർഹമായ രീതിയിലാണ്. ഈ പദ്ധതി സംസ്ഥാനത്തിന് പ്രയോജനപ്രദമായ രീതിയിൽ നടപ്പാക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതാണ്. 2010 ഒക്ടോബർ 2-ന് തന്നെ കേരളത്തിലൂടനീളം ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതുകൊണ്ട് ഇത് ആരെയാണ് ഏൽപ്പിക്കേണ്ടത് എന്നത് സംബന്ധിച്ച് അടിയന്തിരമായി തീരുമാനമെടുക്കുന്നതാണ്.

## സബ്മിഷൻ

### (1) ഇരവിപുരം വാളത്തുംഗൽ കാവുപുറമ്പോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം

ശ്രീ. എ.എ. അസീസ്: ഇരവിപുരം നിയോജകമണ്ഡലത്തിലെ ഇരവിപുരം വില്ലേജിലുള്ള വാളത്തുംഗൽ കാവുപുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി വർഷങ്ങളായി സ്ഥിരതാമസക്കാരായ പട്ടികജാതി കുടുംബങ്ങൾക്കും അല്ലാത്തവർക്കും പട്ടയം നൽകുകയും പുറമ്പോക്കിലുള്ള ക്ഷേത്രസ്ഥലം ക്ഷേത്ര ഭരണസമിതിക്ക് പതിച്ചുനൽകുകയും ബാക്കി തരിശ്

സ്ഥലം ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി ആസ്ഥാന മന്ദിരം പണിയുന്നതിന് അനുവദിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കൊല്ലം താലൂക്കിലെ ഇരവിപുരം വില്ലേജിൽപ്പെട്ട 50.45 ആർ സ്ഥലം കാവുപുറമ്പോക്കാണ്. പ്രസ്തുത ഭൂമിയിൽ ശ്രീ. ശിവദാസന്റെ കൈവശത്തിലുള്ള 4.05 ആർ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ട്. ശ്രീമതി ഗീതാ കുമാരിയുടെ കൈവശത്തിലുള്ള 2.02 ആർ ഭൂമിക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ശ്രീമതി ലളിതയുടേയും മൂന്ന് പെൺമക്കളുടേയും കൈവശത്തിലുള്ള 4.04 ആർ ഭൂമിക്ക് കൈവശരേഖ ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ചിലർ അനധികൃതമായി മതിൽകെട്ടി കൈവശം വച്ചുവരുന്ന 3.03 ആർ ഭൂമിയിന്മേൽ ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ നടന്നുവരുന്നു. വാളത്തുങ്കൽ ലക്ഷ്മീനാരായണ ക്ഷേത്രത്തിന്റെ കൈവശമുള്ള 17 ആർ സ്ഥലത്തിന്റെ ഭൂമിപതിവുനടപടികൾ നടന്നുവരുന്നു. ഇരവിപുരം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടിയുള്ള 20.46 ആർ ഭൂമി കൈമാറ്റ നടപടിക്ക് ശുപാർശ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (2) വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ഇലക്ട്രിക് ലൈൻ പൊട്ടിയുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് 50,000 രൂപവരെ ധനസഹായവും ഗുരുതരമായി പരിക്കു പറ്റി അംഗവൈകല്യം സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡ് നിശ്ചയിക്കുന്ന അംഗവൈകല്യ ശതമാനം കണക്കാക്കി ആനുപാതികമായ ധനസഹായവും നൽകുന്നുണ്ട്. ധനസഹായത്തുക വർദ്ധിപ്പിക്കുന്നതിന് ഇൻഷ്വറൻസ് സംബന്ധമായ കാര്യങ്ങൾകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) മൂവാറ്റുപുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം

ശ്രീ. ബാബു പോൾ: മൂവാറ്റുപുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി നഗരസഭ അനുവദിച്ച 20 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മൂവാറ്റുപുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മാറാടി വില്ലേജിൽ കണ്ടെത്തിയിട്ടുള്ള മുനിസിപ്പാലിറ്റിയുടെ 15 സെന്റ് സ്ഥലത്തിന്റെ കൈമാറ്റ നടപടിക്രമം പൂർത്തിയായാലുടൻ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

(4) പ്രസ്സ് ഫോട്ടോഗ്രാഫർ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 2010 ജൂലൈ 13-ന് തിരുവല്ലയിൽവച്ച് കെ.എസ്.ആർ.ടി.സി. കോർണറിൽ പാർക്കുചെയ്തിരുന്ന കാർ

അഖിലേൻഡ്യാ കർഷകത്തൊഴിലാളി യൂണിയന്റെ പതാക ജാഥയെ സ്വീകരിക്കാനെത്തിയവർ പൊക്കിമാറ്റുന്ന ചിത്രമെടുക്കുന്നതിനിടയിൽ പ്രസ് ഫോട്ടോഗ്രാഫറായ ശ്രീ.കെ.പി.സുബാഷിനെ മർദ്ദിക്കുകയും കണ്ണട തല്ലിയൊടിക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും കുറ്റക്കാരായവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 13-07-2010-ന് വൈകുന്നേരം 6.45-ന് കേരള ഭൂഷൺ പത്രത്തിന്റെ ഫോട്ടോഗ്രാഫറായ ശ്രീ.കെ.പി. സുബാഷ്, തിരുവല്ല പോലീസ് സ്റ്റേഷനിൽ കണ്ടാലറിയാവുന്ന കുറച്ച് ചെറുപ്പക്കാർ ചേർന്ന് അദ്ദേഹത്തെ ദേഹോപദ്രവമേൽപ്പിക്കുകയും പെൻഡ്രൈവും കണ്ണടയും നശിപ്പിക്കുകയും അക്രമത്തിൽ 2,000 രൂപയുടെ നഷ്ടമുണ്ടായതായും പരാതിപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ ചേർത്ത് തിരുവല്ല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചിലരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ട ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കടലുണ്ടി പാലത്തിന്റെ നിർമ്മാണത്തിനു സ്ഥലം വിട്ടുകൊടുത്തവർക്ക് വില നൽകുന്നതു സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സാങ്കേതികതടസ്സങ്ങൾ ഒഴിവാക്കി തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കടലുണ്ടി പാലം നിർമ്മാണ

ത്തിനുവേണ്ടി വർഷങ്ങൾക്കുമുമ്പ് ഏറ്റെടുത്ത സ്ഥലത്തിന്റെ വില നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): വീഴ്ചകളും സാങ്കേതിക കുരുക്കുകളും ഒഴിവാക്കി എത്രയും പെട്ടെന്ന് കടലുണ്ടി പാലത്തിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് വില നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ഗുരുവായൂർ വാട്ടർ സപ്ളൈ സ്കീം, തൃത്താല-ചാലിശ്ശേരി-പാവറട്ടി ശുദ്ധജലസ്കീം എന്നിവയുടെ നവീകരണം

ശ്രീ. ബാബു എം. പാലിശ്ശേരി: ഗുരുവായൂർ വാട്ടർസപ്ലൈ സ്കീമിന്റെ ഭാഗമായുള്ള പാറയമ്പാട മുതൽ കുന്നംപുറം വരെയുള്ള പ്രദേശത്ത് കെ.എസ്.ടി.പി. റോഡിൽ 700 എം.എം. പ്രിമോ പൈപ്പും തൃത്താല-ചാലിശ്ശേരി-പാവറട്ടി ശുദ്ധജലപദ്ധതിയുടെ ഭാഗമായ കുന്ദംകുളം- ഗുരുവായൂർ റോഡിലെ പൈപ്പുകളും കാലപ്പഴക്കംകൊണ്ട് ഇടയ്ക്കിടെ പൊട്ടി വലിയ അപകടങ്ങളുണ്ടാക്കുകയും പുതിയ കെ.എസ്.ടി.പി. റോഡ് തകരുകയും ചെയ്യുന്നത് പരിഹരിക്കാൻ വിദേശരാജ്യങ്ങളിൽ ചെയ്യുന്നതുപോലെ പൈപ്പുകൾ റോഡിന്റെ സൈഡിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഇക്കാര്യത്തിൽ വിദേശരാജ്യങ്ങളിൽ ചെയ്യുന്നതുപോലെ യൂട്ടിലിറ്റി സർവീസിനുവേണ്ടി പ്രത്യേക യൂട്ടിലിറ്റി ഡക്റ്റ് ഇടുക എന്നുള്ളതാണ് പരിഹാര മാർഗ്ഗം പുതിയ ദേശീയപാത പോലുള്ള റോഡുകളിൽ ഇത്തരത്തിലുള്ള പ്രത്യേക ഡക്റ്റ് എൻവിസേജ് ചെയ്യുന്നുണ്ടെങ്കിലും പല കെ.എസ്.ടി.പി. റോഡുകളിലും അത് ചെയ്തിട്ടില്ല. മരാമത്ത് വകുപ്പുമായി ആലോചിച്ച് സാധ്യമായ പരിഹാര

നടപടികൾ സ്വീകരിക്കുന്നതാണ്. ഗുരുവായൂർ ശുദ്ധജലപദ്ധതിയുടെ ഭാഗമായ തൃത്താല മുതൽ കുന്ദംകുളം വരെ സ്ഥാപിച്ചിട്ടുള്ള പൈപ്പ് മാറ്റുന്നതിന് 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായ പൈപ്പ് മാറ്റുന്നതിന് 3.5 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. രണ്ടു പദ്ധതികളും ഏറ്റെടുക്കുന്നതിന് സർക്കാർ ഫണ്ട് ലഭ്യതയെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

(7) തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ടി.പി. കുഞ്ഞുണ്ണി : തൃത്താല നിയോജകമണ്ഡലത്തിലെ തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ പുരോഗതിക്കാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 2000-ൽ ഭാഗീകമായി കമ്മീഷൻ ചെയ്ത തൃത്താല ഗ്രാമപഞ്ചായത്തിലെ തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തി 2010-ലെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്.

(8) ഇരുമ്പ് ബോട്ടിനുപകരം തടി നിർമ്മിത ബോട്ട് അനുവദിക്കാൻ നടപടി

ശ്രീ. വി.എൻ. വാസവൻ : കോട്ടയം-ആലപ്പുഴ ജലഗതാഗത റൂട്ടിൽ സർവ്വീസ് നടത്തുന്ന ഇരുമ്പ് ബോട്ടിന് വേഗതയില്ലാത്തതിനാൽ വിദ്യാർത്ഥികളും വിവിധ ഫാക്ടറികളിൽ ജോലി ചെയ്യുന്നവരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി തടി നിർമ്മിത ബോട്ട് അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : കോട്ടയം-ആലപ്പുഴ റൂട്ടിൽ സാധാരണഗതിയിൽ രണ്ട് തടി ബോട്ടും ഒരു സ്റ്റീൽ ബോട്ടും കൂടി ഒരു ദിവസം 10 ട്രിപ്പ് സർവ്വീസ് നടത്തുന്നുണ്ട്. അടുത്തകാലത്തുവരെ സർവ്വീസ് നടത്തിയിരുന്ന എ-83 എന്ന ബോട്ട് റിപ്പയർ ചെയ്യുന്നതു കൊണ്ടാണ് എസ്-15 എന്ന സ്റ്റീൽ ബോട്ട് അവിടെ സർവ്വീസ് നടത്തുന്നത്. ആലപ്പുഴയിൽനിന്നും കോട്ടയത്തേയ്ക്കുള്ള ജലപാതയിൽ പലയിടങ്ങളിലും വിസ്തൃതമായ കായലുകളുള്ളതിനാൽ സുരക്ഷാകാരണങ്ങളാൽ സ്റ്റീൽ ബോട്ടാണ് ഈ റൂട്ടിൽ കൊടുത്തിട്ടുള്ളത്. പല സ്റ്റേഷനുകളിലും സർവ്വീസ് നടത്തുന്ന ഈ ബോട്ടിന് സ്പീഡ് കുറവാണെന്ന വാദം അംഗീകരിക്കാനാകില്ല. സ്റ്റീൽ ബോട്ട് ഓടിക്കുന്നതിലുള്ള പരിചയക്കുറവാണെന്നാണ് മനസ്സിലാക്കുന്നത്. ബോട്ടിന്റെ വേഗതയിൽ കൃത്യസമയം പാലിക്കാനും തടിനിർമ്മിതമായ ബോട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതുമാണ്. റവന്യു വകുപ്പിൽനിന്നും ജലഗതാഗത വകുപ്പിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേഷൻ ഓഫീസ് നിർമ്മിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

(9) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ : നീലേശ്വരം, കയ്യൂർ, ചീമേനി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തേജസ്വിനി പുഴയ്ക്ക് കുറുകെ പാലായി വളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കയ്യൂർ, ചീമേനി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് തേജസ്വിനിപ്പുഴയ്ക്ക് കുറുകെ പാലായിവളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. പദ്ധതി

യുടെ ആയക്കെട്ട് 1500 ഹെക്ടറാണ്. കയ്യൂർ, ചീമേനി, നീലേശ്വരം, കിനാനൂർ-കരിന്തളം, ഈസ്റ്റ്-വെസ്റ്റ് എളേരി എന്നീ പഞ്ചായത്തുകളിലെ കൃഷി ആവശ്യത്തിനും കയ്യൂർ, ചീമേനി, നീലേശ്വരം പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കാനും തേജസ്വിനി പുഴയുടെ ഇടതുകരയിൽ താമസിക്കുന്ന ജനങ്ങൾക്ക് നീലേശ്വരത്ത് എത്തിച്ചേരാനുള്ള ദൂരപരിധി കുറയ്ക്കുവാനും നിർദ്ദിഷ്ട ചീമേനി താപനിലയത്തിന് ജലം ലഭ്യമാക്കാനും കഴിയുന്ന ഈ പദ്ധതി സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്.

(10) <u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം</u>

<u>ശ്രീ. കെ.കെ. ഷാജു</u>: പന്തളം നിയോജകമണ്ഡലത്തിലെ ചുനക്കര ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള അംഗീകാരം നൽകാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : 2010-ലെ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. അടിയന്തിരമായി ഇതിന് ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) <u>ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ</u> : കാസർഗോഡ് ജില്ലയിലെ സുപ്രധാന മത്സ്യബന്ധന കേന്ദ്രമായ അജാനൂർ-ചിറ്റാരിക്കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) : കാസർഗോഡ് ജില്ലയിലെ അജാനൂർ കടപ്പുറത്ത് സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 36 ലക്ഷം രൂപ അടങ്കൽത്തുക വരുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഫിഷിംഗ്

ഹാർബർ നിർമ്മിക്കുന്നതിനായി സാദ്ധ്യതാപഠനം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്നതാണ്.

(12) <u>നിക്ഷിപ്ത വനഭൂമി സ്വകാര്യ പാട്ടഭൂമിയാക്കി മാറ്റിയ നടപടി</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u> : വയനാട്ടിലെ കാഞ്ഞിരംകാട് വില്ലേജിലെ നിക്ഷിപ്ത വനഭൂമി രേഖകൾ തിരുത്തി സ്വകാര്യഭൂമിയാക്കി മാറ്റിയ നടപടി അപലപനീയമാണ്. ഫോറസ്റ്റ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിയിലും നിയമസഭയിലും ഹൈക്കോടതി വിധിയിലും സർവ്വേ നമ്പർ 238/09-ൽപ്പെട്ട ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്ന് വ്യക്തമാക്കിയിട്ടുള്ളതും 1980-ലെ കൺസർവേഷൻ ഓഫ് ഫോറസ്റ്റ് ആക്ട് പ്രകാരം സംരക്ഷിക്കേണ്ട വനഭൂമിയാണെന്ന് വനംവകുപ്പും അവകാശപ്പെട്ടിരുന്നതാണ്. 05-10-2007-ൽ കോഴിക്കോട് ഫോറസ്റ്റ് മിനി സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ നോർത്ത് വയനാട് ഡി.എഫ്.ഒ.യ്ക്ക് നൽകിയ റിപ്പോർട്ടിൽ വെസ്റ്റഡ് ഫോറസ്റ്റ് എന്നത് തിരുത്തി തരിശായി കിടക്കുന്ന പാട്ടഭൂമി എന്നാക്കി മാറ്റി. വന വകുപ്പിന്റെ തന്നെ രേഖയിൽ സ്വകാര്യ പാട്ടഭൂമിയാക്കി മാറ്റിയെഴുതിക്കൊണ്ട് ഗുരുതരമായ കുറ്റകൃത്യം നടത്തുകയും സബ്ഡിവിഷണൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ ഒപ്പിടാതെ കൃത്രിമരേഖ ചമച്ചിരിക്കുകയുമാണ്. വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ പരിഗണനയ്ക്കായി പ്രസ്തുത റിപ്പോർട്ടും നിരവധി പരാതികളും നൽകിയിട്ടും കുറ്റക്കാരെ കണ്ടുപിടിക്കാനും കൃത്രിമം നടന്നത് തിരുത്താനും തയ്യാറാകാത്ത സാഹചര്യത്തിൽ

ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വനഭൂമി അന്യാധീനപ്പെടാനോ രേഖകളിൽ കൃത്രിമത്വം കാണിക്കാനോ അനുവദിക്കുകയില്ല. വനംവകുപ്പിന്റെ രേഖകൾപ്രകാരം വീഴ്ചയുണ്ടായിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. വനം-റവന്യൂ-സർവ്വേ വകുപ്പുകളിലെ രേഖകൾ സംബന്ധിച്ച് വിമർശനമുണ്ടായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## **ക്രമപ്രശ്നം**

പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 303 അനുസരിച്ച് കാര്യപരിപാടിയിലെ ഒരു ഇനം അവസാനിച്ചതിനുശേഷം മറ്റൊരു ഇനം ആരംഭിക്കുന്നതിനു മുമ്പുമുള്ള ഇടവേളയിലും ക്രമപ്രശ്നം ഉന്നയിക്കുവാൻ സ്പീക്കർക്ക് ഒരു അംഗത്തെ അനുവദിക്കാവുന്നതാണ്. ഏതെങ്കിലും ചട്ടത്തിനോ ഭരണഘടനാ വിരുദ്ധമായ വിഷയത്തിലോ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം. ഒരംഗം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് പ്രസംഗം തടസ്സപ്പെടുത്തന്നത് റൂൾ 303-ന്റെ വയലേഷനാണ്. അംഗത്തിന്റെ

പ്രസംഗം കഴിഞ്ഞതിനുശേഷം റൂൾ ക്വാട്ട് ചെയ്തുകൊണ്ട് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ടതാണ്. റൂൾ 303 സ്ട്രിക്റ്റായി എൻഫോഴ്സ് ചെയ്യേണ്ടതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വളരെ പ്രസക്തമായ ചട്ടമാണ് അംഗം ഉന്നയിച്ചിരിക്കുന്നത്. ആ അഭിപ്രായത്തോട് പരിപൂർണ്ണ മായി യോജിക്കുന്നതോടൊപ്പം ഇന്നുമുതൽ ഇത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദിന്റെ വാദം റെലവന്റാണ്. അംഗങ്ങൾ പ്രസംഗത്തിനിടയിൽ വഴങ്ങാതെ വരുമ്പോൾ പോയിന്റ് ഓഫ് ഓർഡറിലൂടെ പ്രസംഗങ്ങൾ തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗങ്ങൾ പരമാവധി റൂളിനകത്ത് നിന്നുകൊണ്ട് സംസാരിക്കണം. ഇന്നുകൂടുന്ന ബി.എ.സി. യോഗത്തിൽ ഇതുസംബന്ധിച്ച് ചർച്ച ചെയ്തതിനു ശേഷം റൂളിംഗ് നൽകുന്നതാണ്.

## ധനകാര്യം

### 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2010-11 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

## നിയമനിർമ്മാണ കാര്യം

2010-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനകാര്യബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

### ക്രമപ്രശ്നം

ധനകാര്യ ബില്ലിലെ പ്രൊവിഷനുകൾ

ശ്രീ.കെ.എം. മാണി: ബഡ്ജറ്റിൽ ഭൂമിയുടെ ഫെയർ വാല്യൂ 2010 ഏപ്രിൽ 1-ന് നിലവിൽ വരുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി നിയമത്തിൽ വിവിധ ഭേദഗതികൾ നിർദ്ദേശിച്ചെങ്കിലും ഫെയർ വാല്യൂ ഇതുവരെ നടപ്പിലായിട്ടില്ല. അതുവഴി ബഡ്ജറ്റിലെ സ്റ്റാമ്പ് ഡ്യൂട്ടി നിയമ നിർദ്ദേശങ്ങൾ മോക്കറിയാകുകയാണ്. സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂൾ 21, 22, 31, 42, 51 എന്നീ ഇനങ്ങൾക്കെല്ലാം ഫെയർ വാല്യൂവിന്റെ നിർദ്ദിഷ്ട നിരക്കിലുള്ള ഡ്യൂട്ടി വസൂലാക്കുമെന്നാണ് ബഡ്ജറ്റിലും ബില്ലിലും പറഞ്ഞിരിക്കുന്നത്. 1985-ലെ കേരള പ്രൊവിഷൻ ഓഫ് കളക്ഷൻ ഓഫ് റവന്യു ആക്ടിന്റെ 4-ാം വകുപ്പിൽ പറയുന്ന ഡിക്ളറേഷനോടുകൂടി ഫിനാൻസ്

ബിൽ അവതരിപ്പിക്കുകയാണെങ്കിൽ, ഇതുപ്രകാരം ബഡ്ജറ്റിൽ ടാക്സേഷൻ പ്രൊപ്പോസൽ കൊണ്ടുവന്നാൽ, ഏപ്രിൽ 1 മുതൽ നടപ്പിലാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഏപ്രിൽ 1 മുതൽ നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങൾ ഏപ്രിൽ 1-ാം തീയതി നടപ്പിലായിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഫിനാൻസ് ബിൽ കൊണ്ടുവന്നത് ശരിയല്ല. ബഡ്ജറ്റിൽ വയ്ക്കാത്ത ഫിനാൻസ് പ്രൊപ്പോസലുകളാണ് ഈ ഫിനാൻസ് ബില്ലിലൂടെ കൊണ്ടുവന്നി ട്ടുള്ളത്. അത് നിയമവിരുദ്ധമാണ്. ഭൂമിയൊഴികെയുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് ഫെയർവാല്യു ആപ്ളിക്കബിളാക്കിയിരിക്കുന്നതും ബഡ്ജറ്റിൽ പ്രൊപ്പോസ് ചെയ്യാത്ത പുതിയ ഇനങ്ങൾ ഫിനാൻസ് ബില്ലിനകത്ത് കൊണ്ടുവന്നിരിക്കുന്നതും ഓർഡറിലല്ല.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ഈ ബില്ലിൽ ഖണ്ഡം 3(1)-ൽ കൊണ്ടുവന്നിട്ടുള്ളത് കേരള മുദ്രപ്പത്ര ആക്ടിലെ ഭേദഗതിയാണ്. പഞ്ചായത്ത് ആക്ടിലോ മുനിസിപ്പാലിറ്റി ആക്ടിലോ ഇതിനെക്കുറിച്ച് ഭേദഗതി കൊണ്ടുവരാതെ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തി പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കുമുള്ള അധികാരത്തിന്മേൽ കടന്നുകയറുന്നത് ശരിയല്ല. കേരള മുനിസിപ്പാലിറ്റി ആക്ടിൽ സർച്ചാർജ്ജിനെക്കുറിച്ച് പറയുന്നില്ല. സമ്പൂർണ്ണനിയമത്തിൽ ഭേദഗതി വരുത്താതെ പഞ്ചായത്ത്/മുനിസിപ്പൽ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് പഞ്ചായത്തിന്റെ ഒരു നിയമം റദ്ദാക്കുന്നത് ശരിയല്ല. ഫിനാൻസ് ബില്ലിലൂടെ ഏത് സമ്പൂർണ്ണനിയമത്തിലും കടന്നുകയറാമെന്നുള്ള ഒരു കീഴ്‌വഴക്കം സൃഷ്ടിക്കുന്നതും പഞ്ചായത്തിന്റെ അധികാരങ്ങൾ റദ്ദാക്കുന്നതും തെറ്റായ കീഴ്‌വഴക്കമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) സർച്ചാർജ് പിരിക്കാനുള്ള പഞ്ചായത്തിന്റെ അവകാശങ്ങൾ റദ്ദാക്കിയിട്ടില്ല. മുദ്രപ്പത്രങ്ങൾക്കുമേലെയുള്ള സർച്ചാർജ് സർക്കാരാണ് പിരിക്കുന്നത്. സർക്കാർ പിരിക്കുന്ന തുക ഫിനാൻസ് കമ്മീഷന്റെ തീർപ്പുവഴിയാണ് ഇപ്പോൾ കൊടുത്തുവരുന്നത്. ഫിനാൻസ് കമ്മീഷൻ ഇങ്ങനെയുള്ള നികുതികൾക്കൊക്കെ പകരമായി മൂന്നുതരത്തിലുള്ള ഗ്രാന്റ് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് നിയമസഭയുടെ അധികാരത്തിൽപ്പെട്ട കാര്യമാണ്. നിയമസഭയ്ക്ക് ഇത് ഭേദഗതി ചെയ്യുന്നതിനുള്ള അവകാശമുണ്ട്. ഇത് പഞ്ചായത്തിന്റെ വരുമാനത്തേയോ അധികാരത്തേയോ ബാധിക്കുന്നതല്ല;. സംസ്ഥാന സർക്കാർ പിരിച്ചുകൊണ്ടിരുന്ന നികുതി വേണ്ടെന്നു വയ്ക്കുന്നു എന്നുമാത്രമേയുള്ളു. ബഡ്ജറ്റ് പ്രസംഗത്തിൽ പറയാത്ത ഒരു നിർദ്ദേശവും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫെയർ വാല്യു സംബന്ധിച്ച് എപ്പോൾ പോരായ്മയുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നുവോ അപ്പോൾത്തന്നെ ഒബ്ജക്ഷൻ റെയ്സ് ചെയ്യാനുള്ള അനുവാദം കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കത്തക്കതല്ല.

**റൂളിംഗ്**

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഒബ്ജക്ഷൻ നിലനിൽക്കുന്നില്ല. ഇനിയെന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയ മാക്കാവുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ജി.എസ്.ടി. നടപ്പി ലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ച

നിർദ്ദേശങ്ങളെ പൊതുവിൽ സ്വാഗതം ചെയ്യുകയാണ്. ജി.എസ്.ടി. നടപ്പിലാകുന്നതോടുകൂടി പരോക്ഷ നികുതി സംവിധാനത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വെവ്വേറെ പിരിക്കുന്ന നികുതികൾ സംയോജിപ്പിച്ചുകൊണ്ട് ഒറ്റ നികുതിയാക്കാൻ പോകുകയാണ്. ഡെസ്റ്റിനേഷൻ ബെയ്സ്ഡ് ടാക്സ് സമ്പ്രദായം വരുന്നത് സംസ്ഥാനത്തിന് ഗുണകരമാകുമെന്നതിനാലാണ് പോസിറ്റീവ് നിലപാട് സ്വീകരിച്ചിട്ടുള്ളത്. ചില തർക്കങ്ങൾ ഉണ്ടായതുകൊണ്ടാണ് ജി.എസ്.ടി. ഈ വർഷം നടപ്പിലാക്കാൻ കഴിയാതെ പോയത്. ഒറ്റ നികുതിനിരക്ക് നടപ്പിലാക്കുന്ന കാര്യത്തിലും നഷ്ടം വന്നാൽ കോമ്പൻസേഷൻ കൊടുക്കുന്നതുമുൾപ്പെടെ സംസ്ഥാന സർക്കാരിന് സ്വീകാര്യമല്ലാത്ത ചില കാര്യങ്ങളിൽ പരിഹാരമുണ്ടായിട്ടുണ്ട്. നെഗറ്റീവ് ഗ്രോത്ത് ആയതുകൊണ്ട് സി.എസ്.ടി.-യിൽപ്പോലും സംസ്ഥാനത്തിന് നഷ്ടം വരുന്നില്ല. സ്റ്റാമ്പ് ഡ്യൂട്ടിയുടെയും മദ്യം, പെട്രോൾ എന്നിവയ്ക്കുള്ള നികുതിയുടെയും കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ജി.എസ്.ടി എത്രയും വേഗം നടപ്പിലാക്കുന്നതിന് സംസ്ഥാനം എല്ലാ തയ്യാറെടുപ്പുകളും നടത്തിയിട്ടുണ്ട്. കരട് നിയമം ഡ്രാഫ്ട് ചെയ്യുകയും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുകയും ഗിഫ്ട് ട്രെയ്നിംഗ് മോഡ്യൂൾസ് ഉണ്ടാക്കി അഖിലേന്ത്യാടിസ്ഥാനത്തിൽ പരിശീലനത്തിന് തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയുമാണ്. റോഡ് മാപ്പിന്റെ കാര്യം ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : 2010-ലെ കേരള ധനകാര്യബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-08-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയനുവേണ്ടി ശ്രീ. കെ. ശിവദാസൻ നായർ : 2010-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ധനകാര്യ ബില്ലിനെ എതിർക്കുന്നു. വൺ ടൈം സെറ്റിൽമെന്റിലൂടെ പരമാവധി തുക ഈ വർഷം തന്നെ പിരിച്ചെടുക്കുന്നതിന് ധനകാര്യവകുപ്പുമന്ത്രി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 30 (എ) സ്റ്റാമ്പ് ആക്ടിലെ ഭേദഗതി പിൻവലിക്കണം. വസ്തുവിന്റെ ന്യായവിലയും മുദ്രവിലയും പഴയനിലയിൽ പുന:സ്ഥാപിക്കണം. പാർട്ടീഷൻ ഡീഡ് രണ്ട് ശതമാനമായി കുറച്ചിട്ടുണ്ടെങ്കിലും അതിന് മുദ്രവില ഈടാക്കുന്നത് ശരിയല്ല. ഭാഗപത്രങ്ങൾക്ക് രണ്ട് ശതമാനം ടാക്സ് ഈടാക്കുന്നതും കുറയ്ക്കണം. മുക്ത്യാറിൽ നിലവിലുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചത് പു:നപരിശോധിക്കണം. പവർ ഓഫ് അറ്റോർണി കൊടുത്തുകൊണ്ട് ഇടനിലക്കാർ വൻതോതിൽ വസ്തു വിൽക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള ഭേദഗതികളെ സ്വാഗതം ചെയ്യുകയാണ്. ടു സ്റ്റാർ, ബാർ അറ്റാച്ച്ഡ് ഹോട്ടലുകൾക്കുമാത്രമാണ് കോമ്പൗണ്ടിംഗിന് അവകാശമുണ്ടായിരുന്നത്. ത്രീ സ്റ്റാർ ബാർ അറ്റാച്ച്ഡ് ഹോട്ടലുകളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിരിക്കുന്നത് ശരിയായ നടപടിയല്ല. അവയുടെ കോമ്പൗണ്ടിംഗ് നിരക്ക് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ബിയറിന്റേയും വൈനിന്റേയും വില വർദ്ധിപ്പിച്ചശേഷം ടാക്സ് കുറയ്ക്കാനെടുത്ത തീരുമാനത്തിൽ മാറ്റം വരുത്തണം. ഷെയർ മുഴുവൻ ഏകപക്ഷീയമായി റെഡ്യൂസ് ചെയ്ത് ഗ്രോസ് പ്രോഫിറ്റിൽ അഡ്ജസ്റ്റ് ചെയ്ത് ഒരു സ്ഥാപനം ലാഭത്തിലാണെന്ന് കാണിക്കുന്ന തെറ്റായ നടപടി തിരുത്തണം. കഴിഞ്ഞവർഷം സംസ്ഥാനത്തിന് 625 കോടി രൂപ വരുമാനം കേരള

സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്ന് ലഭിക്കുകയുണ്ടായി. അന്യസംസ്ഥാന ഭാഗ്യക്കുറികൾ കേരളത്തിൽ കോടിക്കണക്കിനുരൂപയുടെ ബിസിനസ്സ് നടത്തുന്നത് സംബന്ധിച്ച് വ്യക്തത ഉണ്ടാകണം.

ശ്രീ. വി. ശിവൻകുട്ടി: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. ആഗോള വൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി രാജ്യം സാമ്പത്തിക തകർച്ചയെ നേരിടുമ്പോൾ ചെലവു ചുരുക്കിയും വരുമാന വർദ്ധനവിലൂടെയും സംസ്ഥാനത്തിന്റെ ധനസുസ്ഥിരത ഉറപ്പാക്കിക്കൊണ്ട് ക്ഷേമ പ്രവർത്തനങ്ങൾക്കും വികസന പദ്ധതികൾക്കും പണം കണ്ടെത്തുന്ന ഒരു ബദൽ സാമ്പത്തികനയം സ്വീകരിച്ച സർക്കാരാണിത്. തൊഴിലാളി പെൻഷൻ കുടിശ്ശികയും ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയും കൊടുത്തുതീർത്തു. പി.ഡബ്ലിയു.ഡി. കരാറുകൾക്കുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർത്തതിനുപുറമെ 5000 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തു. ട്രഷറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. 4145 കോടി രൂപ ചെലവഴിച്ചുകൊണ്ട് മൂലധനച്ചെലവ് 95 ശതമാനമായി ഉയർത്തി. വിവിധ ക്ഷേമപെൻഷനുക ളുടെ നിരക്ക് വർദ്ധിപ്പിച്ചതിനോടൊപ്പം അവ അഡ്വാൻസായി കൊടുക്കാൻ കഴിയുന്നവിധം സാമ്പത്തികനില ഭദ്രമാക്കി.. കടാശ്വാസ പദ്ധതികൾക്കായി 500 കോടി രൂപ ചെലവഴിച്ചു. കയർ, കശുവണ്ടി തുടങ്ങിയ ക്ഷേമനിധി ബോർഡുകൾക്കുള്ള കുടിശ്ശിക കൊടുത്തുതീർത്തു. കുടിയേറ്റത്തൊഴി ലാളി, ക്ഷീര കർഷകത്തൊഴിലാളി, കക്കത്തൊഴിലാളി, ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി എന്നിവർക്കായി ക്ഷേമനിധികൾ രൂപീകരിച്ചു. പരമ്പരാഗത വ്യവസായമേഖലയിലും പൊതുവിദ്യാഭ്യാസ

ത്തിനുമുള്ള സർക്കാർ വിഹിതം വർദ്ധിപ്പിച്ചു. നികുതിപിരിവ് കാര്യക്ഷമമാക്കിയതിലൂടെ സ്വർണ്ണത്തിന്മേലുള്ള വാണിജ്യ നികുതിയിനത്തിൽ 161 കോടി രൂപയും ആഡംബര നികുതിയിനത്തിൽ 102 കോടി രൂപയും മദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 3164 കോടി രൂപയും പിരിച്ചെടുത്ത് വികസന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തി. ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കാനും അഴിമതിവിമുക്തമാക്കാനും നടപടി സ്വീകരിച്ചു. നികുതിയേതര വരുമാനത്തിൽ 164 ശതമാനം വർദ്ധനവുണ്ടാക്കാൻ സാധിച്ചു. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ വിവിധ വകുപ്പുകളിൽ ധന ചോർച്ചയുണ്ടാക്കിയ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.എം. മാണി</u>: ധനകാര്യബില്ലിനെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ ഭൂമിയെ 15 ഇനങ്ങളായി തിരിച്ച് ഓരോ പ്രദേശത്തിനുമുള്ള ന്യായവില 2010 ഏപ്രിൽ 1 മുതൽ നടപ്പിൽ വരുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. 2010-ലെ കേരള സ്റ്റാമ്പ് (അമെന്റ്മെന്റ്) ബില്ലിൽ ആർ.ഡി.ഒ. മാർക്ക് ഭൂമിയുടെ വില ഫിക്സ് ചെയ്യുന്നതിനുള്ള അധികാരം കൊടുക്കുകയും ബഡ്ജറ്റ് അവതരണത്തിന്റെ അടുത്ത ദിവസമായ 2010 മാർച്ച് 6-ാം തീയതി 21 റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഫിക്സ് ചെയ്ത ഫെയർവാല്യൂ ഗവൺമെന്റ് ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തുവെങ്കിലും അതിന്മേൽ അപ്പീൽ കൊടുക്കാനുള്ള സമയം 90 ദിവസംവരെ നീട്ടിക്കൊടുത്തിരിക്കുകയാണ്. അതായത് ആക്ഷേപം കേട്ടശേഷം മറ്റ് തുടർനടപടികൾ കഴിഞ്ഞുമാത്രമേ ഈ പ്രഖ്യാപനം നടപ്പിൽ വരുത്താനൊക്കൂ എന്നിരിക്കെ ഏപ്രിൽ 1-ാം

തീയതി നടപ്പിൽ വരുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് തെറ്റായ നടപടിയാണ്. ഏപ്രിൽ 1-ാം തീയതി മുതൽ റിട്രോസ്പെക്ടീവായി മൂന്നുമാസം സമയം കൊടുത്തത് പ്രകാരം കഴിഞ്ഞ ജൂൺ മാസം 29-ാം തീയതി അവസാനിച്ചതുവരെ ഈ തീരുമാനം നിയമപരമായി നടപ്പായിട്ടില്ല. ആക്ഷേപം കേൾക്കാൻ സ്റ്റാറ്റ്യൂട്ടറിയായി കൊടുത്തിരിക്കുന്ന സമയപരിധി അവസാനിക്കുന്ന ജൂൺ 29-ാം തീയതി കഴിഞ്ഞേ ഫെയർവാല്യൂ ഫിക്സേഷൻ നടപ്പിലാകൂ. ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞതുകൊണ്ട് ഇനി ജില്ലാകളക്ടർമാരാണ് ഇത് നിശ്ചയിക്കുന്നത്. ജില്ലാകളക്ടർമാർക്ക് ഇതിന്മേൽ തീരുമാനമെടുക്കാൻ വീണ്ടും മൂന്നുമാസത്തെ സമയമെടുക്കാമെന്നതുകൊണ്ട് സെപ്റ്റംബറിനകം തീരുമാനിച്ചാൽ മതി. അതുകൊണ്ട് നിലവിലുള്ള സ്ഥിതിയനുസരിച്ച് ഇത് എന്ന് നടപ്പിലാകുമെന്ന് അറിയാതിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ഏപ്രിൽ 1-ന് നടപ്പാകുമെന്ന് പറഞ്ഞത് തെറ്റാണെന്ന് വ്യക്തമാവുകയാണ്. ഇതുമൂലം സ്റ്റാമ്പ് ഡ്യൂട്ടിയുടെ വിവിധ വകുപ്പുകളിൽ വന്നിട്ടുള്ള ഭേദഗതികളും നടപ്പിലാകാതെ വരികയാണ്. അതുകൊണ്ട് സാധാരണ പ്രൊസീഡ്യൂവറിന് കടകവിരുദ്ധമായിട്ടാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്; ഈ ധനകാര്യബിൽ ഓർഡറിലല്ല; ഇത് ഭരണഘടനാ ലംഘനമാണ്; പുതിയ ബിൽ കൊണ്ടുവരണം. മാത്രമല്ല, ഏപ്രിൽ മാസം 1-ാം തീയതി മുതൽ ഇന്നുവരെ സ്റ്റാമ്പ് രജിസ്ട്രേഷൻ ഇനത്തിൽ പിരിച്ചിട്ടുള്ള തുക തിരിച്ചുകൊടുക്കണം. ബഡ്ജറ്റിൽ ഭൂമിയെ പതിനഞ്ച് ഇനമായി തിരിച്ച് ഫെയർ വാല്യൂ നിശ്ചയിക്കുമെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ബിൽ വന്നപ്പോൾ ഭൂമിക്ക് പുറമേ സ്ഥാവര-ജംഗമ വസ്തുക്കൾകൂടി ഉൾപ്പെടുത്തിയത് തെറ്റാണ്. സ്റ്റാമ്പ് ആക്ട്

ഷെഡ്യൂൾ 21, 22 ഇനങ്ങളിൽ കൺവെയൻസിന് ഫെയർവാല്യൂ ആപ്ളിക്കബിൾ ആണെന്നാണ് പറയുന്നത്. അങ്ങനെ വന്നപ്പോൾ അത് മൂവബിൾ ആന്റ് ഇമ്മൂവബിൾ പ്രോപ്പർട്ടിയെ അഫക്ട് ചെയ്തുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരേക്കർ സ്ഥലത്തെ റബ്ബർ മരം 50,000 രൂപയ്ക്ക് സ്ലാട്ടറിന് വെട്ടുമ്പോൾ മുമ്പ് 50,000 രൂപയ്ക്കുള്ള ഡ്യൂട്ടി നൽകിയാൽ മതിയായിരുന്നെങ്കിൽ ഇന്നത് ഒരേക്കർ സ്ഥലത്തിന്റെ ഫെയർവാല്യുവിനനുസരിച്ചുള്ള അതായത്, 10,00,000 രൂപയുടെ 7 ശതമാനമായ 70,000 രൂപ കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. ഇതുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടാണുണ്ടാകുന്നത്. ബഡ്ജറ്റിൽ വിഭാവന ചെയ്യാത്ത ആശയങ്ങൾ ബില്ലിൽ കടന്നുകൂടിയിട്ടുള്ളത് ഒഴിവാക്കണം. പണയം വയ്ക്കുന്നതിനും പാട്ടത്തിന് കൊടുക്കുന്നതിനും കൺവെയൻസിന്റെ ഡ്യൂട്ടി തന്നെയാണ് നിലവിലുണ്ടായിരുന്നത്. ബില്ലിലെ ക്ലോസ് 3 (9)-ൽ സെറ്റിൽമെന്റിന് ഭേദഗതി കൊണ്ടുവന്നപ്പോൾ മുസ്ലീം സമുദായത്തിൽ വിവാഹത്തോടനുബന്ധിച്ച് നൽകുന്ന മെഹറിന് ഉണ്ടായിരുന്ന എക്സംപ്ഷൻ എടുത്തുകളഞ്ഞത് തെറ്റായ നടപടിയാണ്.

<u>ശ്രീ. ബാബു പോൾ</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. മികവുറ്റ ധനമാനേജുമെന്റാണ് സംസ്ഥാനത്ത് നിലവിലുള്ളത്. തനത് മൂലധനവരുമാനത്തിൽ ട്രഷറി പ്രവർത്തനം കാര്യക്ഷമമാക്കി. മൂലധനച്ചെലവിൽ വർദ്ധനവുണ്ടായി. സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽപോലും 2010-2011-ൽ 23,198 കോടി രൂപയായി തനതുവരുമാനം വർദ്ധിച്ചിരിക്കുന്നു. നികുതിവകുപ്പിൽ നടത്തിയിട്ടുള്ള ഭരണ നവീകരണപ്രവർത്തനങ്ങളാണ് ഈ വരുമാന വർദ്ധനവിന് അടിസ്ഥാനമായി കാണാൻ സാധിച്ചിട്ടുള്ളത്. പ്രമുഖ അതിർത്തി ചെക്ക്പോസ്റ്റുകളെല്ലാം

ആധുനികവൽക്കരിക്കുകയും അഴിമതി തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. നികുതി കണക്കുകൾ കമ്പ്യൂട്ടർ മുഖാന്തിരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതുമൂലം നികുതി തട്ടിപ്പിനും അഴിമതിക്കുമുള്ള സാധ്യതകൾ കുറഞ്ഞിട്ടുണ്ട്. വാണിജ്യ നികുതിവകുപ്പിലെ ക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി ആ ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2314 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. റവന്യു വരുമാനം വർദ്ധിപ്പിക്കാനും വികസനരംഗത്തേയും സേവന രംഗത്തേയും മൂലധനച്ചെലവ് വർദ്ധിപ്പിച്ചുകൊണ്ട് റവന്യുകമ്മി കുറയ്ക്കാനും കഴിയുമെന്ന് ഗവൺമെന്റ് തെളിയിച്ചു. 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതിവിഹിതം 2.3 ശതമാനമായി വെട്ടിക്കുറച്ചതുവഴി സംസ്ഥാനത്തിന് 5000 കോടി രൂപയുടെ നഷ്ടമാണുണ്ടാകാൻ പോകുന്നത്. തന്മൂലം 2010-2011 ആകുമ്പോൾ റവന്യു കമ്മി പൂജ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി സംജാതമായിരിക്കുകയാണ്. വിവിധ വിഭാഗങ്ങൾക്കുള്ള ക്ഷേമ ആനുകൂല്യങ്ങളും ജീവനക്കാരുടെ ശമ്പളവും ക്ഷാമബത്തയും കരാറുകാരുടെ ബില്ലുകളും ക്ഷേമനിധി പെൻഷനുകളും കുടിശ്ശികയില്ലാതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. വിവിധ ക്ഷേമനിധി പെൻഷനുകൾ 300 രൂപയാക്കി വർദ്ധിപ്പിച്ചു. കക്കത്തൊഴിലാളികൾ, നിലത്തെഴുത്ത് ആശാൻമാർ, ലോട്ടറി വിൽപ്പനക്കാർ, അംഗൻവാടി ജീവനക്കാർ തുടങ്ങിയവർക്ക് പുതുതായി ക്ഷേമനിധി രൂപീകരിച്ചു. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാൻ

നടപടി സ്വീകരിക്കുകയും അതിനായി 500 കോടി രൂപ വകയിരുത്തുകയും ചെയ്തു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. കൂലിവേലക്കാരായ മുഴുവൻ ആളുകൾക്കും ഇൻഷ്വറൻസ് പരിരക്ഷയുടെ ആനുകൂല്യം നൽകാൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള കടാശ്വാസ പദ്ധതികൾക്കായി 500 കോടി രൂപ സർക്കാർ ചെലവഴിച്ചു. കാർഷികമേഖലയുടെ അടങ്കൽത്തുക 625 കോടി രൂപയായി വർദ്ധിപ്പിച്ചു. നെല്ലിന്റെ സംഭരണ വില 12 രൂപയാക്കി ഉയർത്തി. 8 ലക്ഷത്തോളം വരുന്ന ഭവനരഹിതർക്കായി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനുവേണ്ടി സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും 600 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. കയർ, കശുവണ്ടി, കൈത്തറി പോലുള്ള പരമ്പരാഗത വ്യവസായമേഖലകൾക്കുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചതുവഴി ആ മേഖലയിലെ ജനജീവിതം മെച്ചപ്പെടുത്താൻ സാധിച്ചു. ചെറുകിട വ്യവസായമേഖലയ്ക്കായി 40 കോടി രൂപ വകയിരുത്തി. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി മാറ്റാനും 8 പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കാനും നടപടി സ്വീകരിച്ചു. പൊതുജനാ രോഗ്യമേഖല ശക്തിപ്പെടുത്തി. സാധാരണക്കാരന്റെയും കൃഷിക്കാരുടെയും ജീവനക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. എം. ഉമ്മർ</u> : ധനകാര്യബില്ലിനെ എതിർക്കുന്നു. സാമ്പത്തിക അച്ചടക്കം പാലിക്കാത്ത, ചെറിയ ആനുകൂല്യങ്ങൾ മാത്രം പ്രഖ്യാപിക്കുന്ന, ജനങ്ങളെ കൊള്ളയടിക്കുന്ന അവസ്ഥയാണ് ധനകാര്യബില്ലിലുള്ളത്. സംസ്ഥാനത്തെ വികസന ചെലവുകൾ വർദ്ധിക്കുന്നില്ല. 2009-2010-ലെ

മൊത്തം നോൺ-പ്ലാൻ ചെലവ് 27,194.19 കോടി രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ റവന്യു ചെലവിലുണ്ടായ വർദ്ധനവ് 5716.49 കോടി രൂപയാണ്. അതേസമയം പദ്ധതിച്ചെലവിൽ മൂന്ന് വർഷംകൊണ്ടുണ്ടായ വർദ്ധന 564.40 കോടി രൂപ മാത്രമാണ്. മൂലധനച്ചെല വിൽ വളരെ ചെറിയ വർദ്ധനവാണുണ്ടായിട്ടുള്ളത്. സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ സാമ്പത്തിക മാനേജ്മെന്റിന്റെ വൈകല്യമാണ് ഇത് കാണിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കടബാദ്ധ്യത വർദ്ധിച്ചു. വികസന പ്രവർത്തനങ്ങൾക്കായി കടമെടുത്ത പണം ധൂർത്തടിക്കുകയാണുണ്ടായത്. ഇളവുകൾ പ്രഖ്യാപിക്കു മ്പോൾത്തന്നെ അതിന്റെ പതിന്മടങ്ങ് തിരിച്ചുപിടിക്കുന്ന സമീപനമാണ് ഈ ബില്ലിൽ കാണുന്നത്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയ മാറ്റങ്ങളും ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിലുണ്ടായ അശാസ്ത്രീയമായിട്ടുള്ള വില തിട്ടപ്പെടുത്തലും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. റിയൽ എസ്റ്റേറ്റുകാർക്കും മാഫിയകൾക്കും സഹായം ലഭിക്കുന്നവിധം ഫ്ളാറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവുനൽകി. കൊച്ചിയിലെ വഖഫ് ബോർഡ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണത്തെപ്പറ്റിയുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്.

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :</u> ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കെ.എസ്.എഫ്.ഇ.യുടെ ലാഭം വർദ്ധിപ്പിക്കാനും ട്രഷറി നിക്ഷേപത്തിൽ ഗണ്യമായ വർദ്ധനവ് വരുത്താനും കഴിഞ്ഞു. ധനസ്രോതസ്സു കളിൽനിന്നെല്ലാം നികുതി പിരിച്ചെടുത്ത് വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. വഖഫ് ബോർഡിന്റെ ഫണ്ടിൽ തിരിമറി

നടത്തിയിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ വ്ളാഞ്ചേരി മൂന്നാക്കൽ പള്ളിയിലേയും വാഴക്കാട് ദാറുൽ ഉലമ മദ്രസാ വിദ്യാഭ്യാസ കോംപ്ളക്സി ലേയും സാമ്പത്തിക ഇടപാടുകൾ സുതാര്യമല്ലെന്ന് അതുമായി ബന്ധപ്പെട്ട അന്വേഷണ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. തളിപ്പറമ്പ് ജമാ-അത്ത് പള്ളിക്ക് 400 ഏക്കർ ഭൂമി നഷ്ടപ്പെടുകയും എറണാകുളം ജില്ലയിലെ വടക്കേക്കര വില്ലേജിലെ സത്താർ ഐലന്റ് എന്ന പേരിലുള്ള 154 ഏക്കർ വഖഫ് ഭൂമി തുച്ഛമായ വിലയ്ക്ക് വിൽക്കുകയും ചെയ്തത് ശരിയായ നടപടിയല്ല.

<u>ശ്രീ. കെ.ടി.ജലീൽ</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. ജനങ്ങളെ പ്രത്യക്ഷത്തിൽ ബാധിക്കാത്ത നാമമാത്ര നികുതി ഏർപ്പെടുത്തിയും നികുതി കുടിശ്ശിക പിരിച്ചെടുത്തും വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. കേന്ദ്ര ബഡ്ജറ്റിനോടും മറ്റിതര സംസ്ഥാനങ്ങളുടെ ബഡ്ജറ്റുകളുമായും താരതമ്യം ചെയ്യുമ്പോൾ സർവ്വീസ് മേഖലയ്ക്ക് വളരെയധിക പ്രാമുഖ്യം നൽകിയ ബഡ്ജറ്റാണിത്. 20 വർഷങ്ങൾക്കുശേഷമാണ് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്നത്. ഈ വർഷം മലബാർ മേഖലയിൽ 178 പ്ലസ് ടു സ്കൂളുകൾ അനുവദിക്കുമ്പോൾ 5500-ഓളം അദ്ധ്യാപക തസ്തികകളാണ് വരാൻ പോകുന്നത്. സർക്കാർ എയ്ഡഡ് മേഖലയിലെ മുഴുവൻ അദ്ധ്യാപകർക്കും ഘട്ടംഘട്ടമായി അംഗീ കാരം കൊടുത്തുകൊണ്ടിരിക്കുന്നു സ്റ്റാമ്പ് ഡ്യൂട്ടി 9 ശതമാനത്തിൽ നിന്ന് ഇനിയും കുറച്ചുകൊണ്ടുവരാൻ കഴിയണം. ഭാഗപത്രത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയിലുണ്ടായിരുന്ന എക്സംപ്ഷൻ നിലനിർത്താനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എ.എം. ആരിഫ്</u> : ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. നികുതി പിരിച്ചെടുത്ത് സംസ്ഥാനത്ത് സമസ്തരംഗങ്ങളുടേയും ക്ഷേമത്തിനും വികസനത്തിനും വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിയുടെ ഫെയർവാല്യു നിശ്ചയിച്ചതിലെ ആക്ഷേപങ്ങൾ പരിഹരിക്കണം. അനധികൃത ലോട്ടറി വിൽപ്പന തടയുകയും ലോട്ടറിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ-കാർഷിക-വ്യവസായ മേഖലകൾ ശക്തിപ്പെടുത്തുന്നതിനും ശുദ്ധജലവിതരണ മേഖല സമ്പുഷ്ടമാക്കുന്നതിനും ഗവൺമെന്റിന് കഴിഞ്ഞു. സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് പകർച്ചപ്പനിയും തീവ്രവാദവും വർദ്ധിച്ചുവരുന്നതായി അപവാദപ്രചാരണം നടത്തുന്നത് ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കും. ഒരു വിഭാഗം ആളുകൾ ആരാധനാലയങ്ങളേയും സമീപപ്രദേശങ്ങളേയും ആയുധപ്പുരകളാക്കി മാറ്റാൻ നടത്തുന്ന ശ്രമത്തെ കരുതലോടെ നേരിടണം. മതസ്ഥാപനങ്ങൾ ആരാധനാലയങ്ങളെ രാഷ്ട്രീയവേദിയാക്കുന്നതും മതത്തിൽ രാഷ്ട്രീയം കലർത്തി മതസൗഹാർദ്ദം തകർക്കുന്നതുമായ നടപടി അവസാനിപ്പിക്കണം.

<u>ശ്രീ. കെ.പി. മോഹനൻ</u> : ധനകാര്യബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ പത്തുശതമാനമെങ്കിലും കാർഷിക മേഖലയ്ക്കുവേണ്ടി ചെലവഴിക്കാൻ കഴിയണം. കൃഷി-വ്യവസായ മേഖലകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അടിസ്ഥാനമേഖലയിൽ വളർച്ച കൈവരിക്കുന്നതിനും പരിശ്രമിക്കണം. പ്രവാസികളുടെ നിക്ഷേപം ഉപയോഗിച്ച് അടിസ്ഥാന മേഖലയെ സംരക്ഷിച്ചുനിറുത്തുന്നതിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കണം. ഉല്പാദനമേഖലയിലുണ്ടായിട്ടുള്ള മന്ദീഭാവം പരിഹരിക്കണം. വിദ്യാഭ്യാസ-ആരോഗ്യ-സേവന മേഖലകളുടെ ഗുണനിലവാരം മെച്ചപ്പെടു

ത്തണം. തൊഴിലില്ലായ്മയുടേയും പൊതുകടത്തിന്റേയും വർദ്ധനവ് ഇല്ലാതാക്കണം. പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ ഫലപ്രദമായി വിനിയോഗിച്ച് അവ ലാഭത്തിലാക്കണം. വിഭവസമാഹരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും മിച്ചഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധിക്കണം. മലബാർ പാക്കേജിലെ പക്ഷപാതപരമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം. എം.എൽ.എ. നൽകിയ പ്രയോറിറ്റി ലിസ്റ്റ് കണക്കിലെടുക്കാതെ പെരിങ്ങളം നിയോജകമണ്ഡലത്തിലെ വർക്കുകൾക്ക് തുക അനുവദിച്ചത് തെറ്റായ നടപടിയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. വാറ്റ് ഉൾപ്പെടെയുള്ള നികുതിപിരിവ് ഗണ്യമായി വർദ്ധിപ്പിച്ചും ചെലവു ചുരുക്കിയും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കിയ ഗവൺമെന്റാണിത്. ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിച്ചു. ക്ഷേമപെൻഷനുകളുടെ കുടിശ്ശികകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് തുക മാറ്റിവച്ചു. ജീവനക്കാരുടെ ഡി.എ. യഥാസമയം കൊടുത്തു. നോൺ-പ്ലാൻ എക്സ്പെന്റിച്ചർ സമാന്തരമായി വർദ്ധിച്ചാൽ മാത്രമേ പ്ലാൻ എക്സ്പെന്റിച്ചർ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ട്രഷറി നിക്ഷേപത്തിന് പലിശനിരക്ക് വർദ്ധിപ്പിച്ചതിലൂടെ നിക്ഷേപകരെ ആകർഷിക്കാൻ സാധിച്ചു. മലബാർ മേഖലയിൽ മലബാർ പാക്കേജ് പ്രകാരമുള്ള വികസനപ്രവർത്തനങ്ങൾ ആരംഭിച്ചു. ധനകാര്യ മാനേജുമെന്റ് മെച്ചപ്പെടുത്താൻ സാധിച്ചു.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. പി.ഡബ്ലിയു.ഡി കരാറുകാരുടെ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർത്തു. ജീവനക്കാരോട് അനുകൂല നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചത്. ധനക്കമ്മിയും റവന്യൂ കമ്മിയും ഗണ്യമായി കുറച്ചുകൊണ്ടുവന്നു. സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക നീക്കിവച്ചു. നികുതിപിരിവ് വർദ്ധിപ്പിക്കാൻ സാധിച്ചു. ബഡ്ജറ്റിലെ 60 ശതമാനം തുക നിർമ്മാണപ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ നടപടി സ്വീകരിച്ചു. 3000 കോടി രൂപയുടെ പൊതുമരാമത്ത് പണികൾക്ക് അംഗീകാരം നൽകി. കുടിവെള്ള പദ്ധതികൾക്ക് 2000 കോടി രൂപ അനുവദിച്ചു. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ സാമ്പത്തികനയങ്ങളുടെ ഫലമായി രാജ്യത്തെമ്പാടും കർഷകർ ആത്മഹത്യ ചെയ്തപ്പോൾ സംസ്ഥാനത്ത് കർഷക ആത്മഹത്യ തടയാൻ നടപടി സ്വീകരിച്ചു. ഭക്ഷ്യധാന്യമുൾപ്പെടെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി ഇൻഡ്യക്ക് തന്നെ മാതൃകയാണ്. സാധാരണക്കാരുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ നികുതിപിരിവ് കാര്യക്ഷമമാക്കിയും വ്യക്തമായ ദിശാബോധത്തോടുകൂടിയുള്ള പ്രവർത്തനങ്ങളിലൂടെയും ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടിയാണ് സ്വീകരിച്ചത്. സംസ്ഥാനത്ത് രോഗങ്ങൾ അധികരിക്കുന്ന സാമൂഹ്യ പരിസ്ഥിതിയെ മറികടക്കുന്നതിനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. രാജ്യത്തിന്റെ പ്രധാന വിഭവം ജനങ്ങളാണെന്ന് തിരിച്ചറിഞ്ഞ ഗവൺമെന്റാണിത്.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: ധനകാര്യബില്ലിനെ എതിർക്കുന്നു. ഭരണരംഗത്തെ കെടുകാര്യസ്ഥതയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. സ്വർണ്ണ ത്തിന് കാലാനുസൃതമായി വിൽപ്പനയ്ക്കനുസരിച്ചുള്ള നികുതി പിരിക്കുവാൻ സാധിക്കുന്നില്ല. വാറ്റ് ഇനത്തിൽ 1353 കോടി രൂപയുടെ വർദ്ധനവും വാറ്റ് നടപ്പിലാക്കിയപ്പോഴുണ്ടായ നഷ്ടം നികത്തുന്നതിന് കേന്ദ്രം നൽകിയ കോമ്പൻസേഷനും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങ ളുടെ വില വർദ്ധിക്കുന്നതിനനുസരിച്ച് നികുതിവരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2010-ൽ സംസ്ഥാനത്തിന്റെ പൊതുകടം 70235 കോടി രൂപ യായും ബാധ്യത 2992 കോടി രൂപയായും റവന്യൂ കമ്മി 4126 കോടി രൂപ യായും ആളോഹരി കടം 22058 രൂപയായും വർദ്ധിച്ചു. സംസ്ഥാനത്ത് ടാറ്റയുടേതടക്കമുള്ള തോട്ടങ്ങളുടെ പാട്ടത്തുക വർദ്ധിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കണം. മണലെടുപ്പിലും ഉദ്ദേശിച്ച ഫലം കാണാൻ സാധി ച്ചിട്ടില്ല. ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് കോംപൗണ്ടിംഗ് റേറ്റിൽ നികുതി അടയ്ക്കാനായി നിർദ്ദേശിച്ച വ്യവസ്ഥകൾ നികുതിവെട്ടിപ്പ് നടത്തുന്നവരെ സഹായിക്കാനുതകുന്നതാണ്. ടൂ സ്റ്റാർ ഹോട്ടലുകൾക്ക് 150 ശതമാനം നികുതിയും ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് 200 ശതമാനം നികുതിയും തീരുമാ നിക്കുകയും കോംപൗണ്ടിംഗ് തീയതി 31-7-2010 വരെ നീട്ടിക്കൊടുക്കുകയും ഓട്ടോമൊബൈൽ റിപ്പയർ കോൺട്രാക്ട് ഡീലർമാർക്ക് 1-4-2005 വരെ മുൻകാല പ്രാബല്യത്തോടുകൂടി കോംപൗണ്ടിംഗ് അനുവദിക്കുകയും ചെയ്തിരിക്കുന്നതിൽ ദുരൂഹതയുണ്ട്. ധനകാര്യവകുപ്പിന്റെ ഫണ്ട് ധൂർത്തിനും അഴിമതിക്കുംവേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കുഴി നികത്തൽ പരിപാടി പരാജയമാണ്.

പട്ടാമ്പിയിൽ ട്രഷറി അനുവദിച്ചിക്കുന്നതിന് നടപടി സ്വീകരിക്കണം. വഖഫ് ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് നടത്തുന്ന രാഷ്ട്രീയപ്രേരിതമായ അന്വേഷണം അവസാനിപ്പിക്കണം.

ശ്രീ. വി.എസ്. സുനിൽകുമാർ : ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. ധനമാനേജ്മെന്റിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്ന രീതിയിലാണ് ധനമാനേജ്മെന്റ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. സാമ്പത്തികമാന്ദ്യമുണ്ടായ ഘട്ടത്തിലും കൺസ്യൂമർ സ്റ്റേറ്റായ കേരളത്തെ അത് ബാധിക്കാതെ നിലനിറുത്താൻ കഴിഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 14500 തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ട്രഷറി അടച്ചു പൂട്ടുകയും കോടിക്കണക്കിന് രൂപയുടെ കുടിശ്ശികകൾ വരുത്തുകയുമാണ് ചെയ്തിരുന്നതെങ്കിൽ ഈ ഗവൺമെന്റ് 6500 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും കുടിശ്ശികകളെല്ലാം കൊടുത്തുതീർക്കുകയും ചെയ്തു. സാമ്പത്തികപ്രതിസന്ധിക്കിടയിലും ഈ ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചു. 500 കോടി രൂപ ചെലവഴിച്ചുകൊണ്ട് രണ്ട് രൂപയ്ക്ക് 35 ലക്ഷം കുടുംബങ്ങൾക്ക് അരി കൊടുക്കാൻ തീരുമാനിച്ചു. ബഹുരാഷ്ട്ര കമ്പനികളേയും കോർപ്പറേറ്റുകളേയും സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് നികുതി പിരിവിൽ എൺപത് ശതമാനം വർദ്ധനവുണ്ടാക്കി. ഐ. ടി., ടൂറിസം മേഖലകളുടെ വികസനത്തിന്റെ ഫലമായി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിച്ചു. മതതീവ്രവാദങ്ങൾക്കെതിരായി ശക്തമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുവർഷമായി ഗവൺമെന്റ് ധനപരമായ കാര്യങ്ങളിൽ അവലംബിക്കുന്ന നയത്തിന്റെ ഭാഗമായി സാമ്പത്തികകാര്യങ്ങളിൽ സ്റ്റെബിലിറ്റി കൈവരിക്കാൻ കഴിഞ്ഞു. യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെ സാമ്പത്തികനയങ്ങൾ സമ്പദ്ഘടനയെ തകർക്കുകയാണ് ചെയ്തിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവുചുരുക്കുകയും ക്ഷേമ പദ്ധതികൾ ഒഴിവാക്കുകയും സേവനമേഖലയിൽ നിന്ന് പിൻവാങ്ങുകയും നിയമനനിരോധനം ഏർപ്പെടുത്തുകയും മൂലധനച്ചെലവു കളും വികസനച്ചെലവുകളും കുറയ്ക്കുകയും ചെയ്തിട്ടും റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ സർക്കാർ ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയും ജീവനക്കാരുടെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുകയും 24000 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടും റവന്യൂ കമ്മിയും ധനക്കമ്മിയും ഗണ്യമായ നിലയിൽ കുറയുകയാണ് ചെയ്തി ട്ടുള്ളത്. മൂലധനച്ചെലവിന്റെ കാര്യത്തിൽ വൻവർദ്ധനവാണ് സംസ്ഥാ നത്തുണ്ടായിട്ടുള്ളത്. സർക്കാർ നയപരമായി തീരുമാനിച്ചിട്ടാണ് പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും ഭരണപരമായ അനുവാദം നൽകുന്നത്. കോഴിക്കോട് നിയോജക മണ്ഡലത്തിൽ റോഡ് വികസന ത്തിന് 48 കോടി രൂപയും ടൂറിസം മേഖലയ്ക്ക് 32 കോടി രൂപയും അനു വദിക്കുകയും രണ്ട് സൈബർ പാർക്കുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഐ.ടി. നിക്ഷേപം വർദ്ധിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എഫ്.സി.യുടെ നിഷ്ക്രിയ ആസ്തി 52.36 ശതമാനമായിരുന്നത് ഇപ്പോൾ

6.5 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യിൽ 2500 പേർക്ക് ജോലി നൽകുകയും പുതിയ ബ്രാഞ്ചുകൾ അനുവദിക്കുകയും ചിട്ടി നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ് : ധനകാര്യബില്ലിനെ എതിർക്കുന്നു. പ്രായോഗികമല്ലാത്ത നികുതിനിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ക്രയവിക്രയങ്ങൾ ഗണ്യമായി കുറയുകയും വരുമാന വർദ്ധനവുണ്ടാകാത്ത സ്ഥിതിയുമാണ് നിലനിൽക്കുന്നത്. വസ്തുവിന്റെ ന്യായവില മാർക്കറ്റ് വിലയുടെ 50 ശതമാനം കവിയാൻ പാടില്ല എന്ന വ്യവസ്ഥയിൽ അതിന്റെ പരിധി വ്യക്തമാക്കാത്തത് അഴിമതിക്കുള്ള അവസരം സൃഷ്ടിക്കും. സർക്കാരിന്റെ വാർഷികവുമായി ബന്ധപ്പെട്ട പ്രചരണത്തിനുവേണ്ടി മെയ് മാസം മുതൽ ഇതുവരെ ഏകദേശം 20 കോടി രൂപ ചെലവഴിച്ചിരിക്കുകയാണ്. ഓരോ വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ നടപ്പിലാക്കിയതിനെക്കുറിച്ച് വ്യക്തമാക്കണം. ആരോഗ്യമേഖലയും വിദ്യാഭ്യാസമേഖലയും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. കേരളത്തിലെ എല്ലാ ഹൈസ്ക്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്താൻ നടപടി സ്വീകരിക്കണം. കേരളത്തിലെ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. ഉന്നത വിദ്യാഭ്യാസരംഗത്ത് പണം മുടക്കാൻ തയ്യാറാകുന്നവരെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനുമുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റണം. കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഇന്ന് വിദ്യാർത്ഥികളില്ലാത്ത സ്ഥിതി വന്നിരിക്കുകയാണ്. വിദ്യാഭ്യാസ

രംഗത്തുണ്ടാകുന്ന തെറ്റായ പ്രവണതകൾ അവസാനിപ്പിക്കണം. കേരളത്തിൽ വയോജനങ്ങളുടെ സംഖ്യ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവരെ സംരക്ഷിക്കാൻ നടപടിയെടുക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :തദ്ദേശഭരണസ്ഥാപനങ്ങളുടെ ഒരു അധികാരവും ഫിനാൻസ് ബിൽ കവർന്നെടുക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർചാർജ് ചുമത്താനുള്ള അധികാരം ഇപ്പോഴും നിലനിൽക്കുകയാണ്. മുദ്രപത്രത്തിനും സ്റ്റാമ്പ്ഡ്യൂട്ടിക്കും സർചാർജ് ചുമത്തി അത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥയുണ്ടായിരുന്നു. ഫിനാൻസ് കമ്മീഷനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇനം തിരിച്ചുള്ള ഗ്രാന്റുകൾ നൽകുന്നതിനുപകരം ഡെലപ്മെന്റ് ഗ്രാന്റ്, മെയിന്റൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതിനുവേണ്ടിയാണ് സർചാർജ് വേണ്ടെന്നുവയ്ക്കുന്നത്. ഫെയർവാല്യു 2008-ലെ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽ ഒബ്ജക്ഷൻസ് സ്വീകരിച്ച് റിവൈസ് ചെയ്ത് മാർച്ച് 6-നാണ് ഫെയർ വാല്യൂ ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുള്ളത്. ഇനിയും ഒബ്ജക്ഷനുണ്ടെങ്കിൽ അപ്പീൽ കൊടുക്കുന്നതിനുള്ള സമയപരിധിയും കൊടുത്തിട്ടുണ്ട്. സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂളിൽ ഏതെല്ലാം ആർട്ടിക്കിൾസിന് കൺവേയൻസ് റേറ്റ് ബാധകമാണോ അവയ്ക്കെല്ലാം കൺവേയൻസ് റേറ്റിൽ വരുത്തിയ മാറ്റവും ബാധകമാണ്. ലീസ് ഡീഡിന്റെ രജിസ്ട്രേഷൻ നടത്തുന്നത് ഭൂമിയുടെ ആനുവൽ റെന്റിന്റെ അടിസ്ഥാനത്തിലാണ്. പ്രോപ്പർട്ടി മോർട്ട്ഗേജ് ചെയ്യുമ്പോൾ വായ്പയെടുക്കുന്ന തുകയ്ക്ക് മീതെയാണ് കൺവേയൻസ് റേറ്റ് ബാധകമാകുന്നത്. സബ്ജക്ട് കമ്മി

റ്റിയിൽ പരിശോധിച്ച് മെഹറിനെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതാണ്. പുതിയ ക്ലാസ്സ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ പിൻവലിക്കപ്പെട്ടുപോയ എക്സംപ്ഷൻ പുന:സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ്. ഭാഗാധാരത്തിന് ബാധകമായിരുന്ന നികുതി രണ്ട് ശതമാനത്തിൽനിന്ന് ഒരു ശതമാനമാക്കി കുറയ്ക്കുന്നതാണ്. പത്ത് സെന്റ് ഭൂമി മാത്രം കൈവശമുള്ളവർക്ക് ഭാഗം വയ്ക്കാൻ ഭൂമി തികയാതിരിക്കുന്ന കേസുകളിൽ വരുന്ന റിലീസ് ഡീഡിന് നികുതി ഒരു ശതമാനമായി നിജപ്പെടുത്തുന്നതാണ്. വാണിജ്യ നികുതിവകുപ്പിൻകീഴിൽ വാറ്റ് കാലയളവിനുമുമ്പുള്ള നികുതികുടിശ്ശിക തീർപ്പാക്കുന്നതിന് 2008 മുതലുള്ള ആംനെസ്റ്റി സ്കീമും 2009 മുതൽ പൊതുമേഖലയ്ക്കായുള്ള പ്രത്യേക ആംനെസ്റ്റി സ്കീമും നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത സ്കീമുകൾ സി.എസ്.ടി. കുടിശ്ശികയ്ക്കും ബാധകമായിരിക്കും. കെ.ജി.എസ്.ടി. നിയമത്തിൽ കമ്മീഷണറുടെ മുൻകൂർ അനുമതി വാങ്ങി അസെസ്സ്മെന്റുകൾ നടത്തിയ കേസുകളിൽ പുനർനിർണ്ണയത്തിന് കാലപരിധി ബാധകമായിരിക്കും. സി.എസ്.ടി. രജിസ്ട്രേഷനുള്ള വാഹനം റിപ്പെയർ ചെയ്യുന്ന വാഹന കോൺട്രാക്ടർമാർക്ക് കോമ്പൗണ്ട് നികുതിനിരക്ക് ബാധകമല്ല. സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന കോഴികൾക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി കൊടുക്കാൻ വ്യാപാരികൾക്ക് സൗകര്യം നൽകുന്നതാണ്. ഈ വ്യവസ്ഥ സ്വീകരിക്കുന്ന വ്യാപാരികൾ കമ്മീഷൻ നിശ്ചയിക്കുന്ന വിലയിൽ പന്ത്രണ്ടര ശതമാനം നികുതി ചെക്പോസ്റ്റിൽത്തന്നെ നൽകേണ്ടതാണ്. 2007-ലെ ഫിനാൻസ് ആക്ട് പാസ്സാക്കിയ സമയത്ത് വെളിച്ചെണ്ണ, കൊപ്ര, പിണ്ണാക്ക് എന്നിവയ്ക്ക് 01-04-2007 മുതൽ മുൻകാലപ്രാബല്യത്തോടെ നികുതിയിളവ് നൽകി

യിരുന്നു. അതിനാൽ 2007 മേയ്, ജൂൺ മാസങ്ങളിൽ ഇളവിനെക്കുറിച്ച് അറിയാതെ വ്യാപാരികൾ വിൽപ്പനനികുതിക്ക് നാല് ശതമാനം നികുതി ചുമത്തുകയും സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്തിരുന്നു. ഈ മാസങ്ങളിൽ ഇൻപുട്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനാവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്. വാറ്റ് നിയമത്തിലെ സെക്ഷൻ 94 പ്രകാരമുള്ള ക്ലാരിഫിക്കേഷന് അപേക്ഷിക്കുന്നവർ സംസ്ഥാനത്തിന കത്തുള്ള ആദ്യ വിൽപനക്കാരന്റേയോ അല്ലെങ്കിൽ ഉൽപാദകന്റേയോ വിവരങ്ങൾ അപേക്ഷയിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതാണ്. കുടുംബശ്രീ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഗവൺമെന്റ് അംഗീകൃത മാർക്കറ്റിംഗ് ഏജൻസികൾക്കുകൂടി പ്രസ്തുത ഉൽപ്പന്നങ്ങൾ അതേവിലയിൽ ലഭ്യമാക്കുന്നതിനാവശ്യമായ ഭേദഗതികൾ നിയമത്തിൽ വരുത്തുന്നതാണ്. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് വ്യവസ്ഥ യിൽ കോമ്പൗണ്ടിംഗ് നികുതി നിർണ്ണയിക്കുമ്പോൾ പുതിയതായി തുടങ്ങുന്ന ബ്രാഞ്ചുകളെപ്പോലെത്തന്നെ പുതിയതായി ആരംഭിച്ച ഫ്രാഞ്ചൈസികളും പരിഗണിക്കുന്നതിലേയ്ക്കായി നിയമഭേദഗതി വരുത്തുന്നതാണ്. കെ.എഫ്.സി. 11 കോടി രൂപ ലാഭമുണ്ടാക്കിയത് പലിശ കുറച്ച് ചെറുകിട വ്യവസായത്തിനും മറ്റും വായ്പ നൽകുന്നതിനുവേണ്ടി ഒരു പ്രത്യേക സ്കീം നടപ്പിലാക്കണമെന്ന് ബോർഡ് ഓഫ് ഡയറക്ടേഴ്സിന് നിർദ്ദേശം നൽകിയി ട്ടുണ്ട്. കേരളത്തിൽ സ്റ്റിമുലസ് പാക്കേജിന്റെ ഭാഗമായി ഏതാണ്ട് 200-ൽപ്പരം ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ പുന:സ്ഥാപിക്കാൻ 100 കോടി രൂപ നൽകി. ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 70 ശതമാനമാണ് കടഭാരം കൂടിയത്. എക്സ്റ്റേണലി എയ്ഡഡ് പ്രോജക്ട്സ് നടപ്പിലാക്കാത്തതിനാൽ

നോൺ-പ്ലാനിൽ വന്നിരിക്കുന്ന കുറവിനെ സംബന്ധിച്ച് മൊത്തത്തിൽ പരിശോധിക്കേണ്ടതായുണ്ട്. കൺവേയൻസ് ഭൂ വിലയുടെ അടിസ്ഥാനത്തിലല്ല കണക്കാക്കുന്നത്. കൺവേയൻസിന് ഈടാക്കുന്ന അതേ റേറ്റ് മോർട്ട്ഗേജിനും ലീസിനും ഈടാക്കുന്നത് സംബന്ധിച്ചും കൺവേയൻസ് ഭേദഗതി ചെയ്തപ്പോൾ മോർട്ട്ഗേജിനും ലീസിനും ഫെയർവാല്യൂ ആപ്ലിക്കബിൾ ആയത് സംബന്ധിച്ചും ഫൈനൽ ഫെയർവാല്യൂ നിലവിൽ വന്നിട്ടില്ലാത്തതു സംബന്ധിച്ചും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണ്. 30 (എ) അനുസരിച്ച് മുദ്രവിലയിന്മേൽ സർചാർജ്ജ് ചുമത്താൻ പാടില്ല എന്നത് പരിശോധിക്കുന്നതാണ്. പഞ്ചസാരയുടെ നികുതി പന്ത്രണ്ടര ശതമാനത്തിലേയ്ക്ക് കൂടുന്നത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണ്. റോഡുകളിലെ കുഴി അടയ്ക്കുന്നത് സംബന്ധിച്ച് ഒരു ഫിനാൻസ് ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തുന്നതും പരാതി ലഭിച്ചാൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതുമാണ്. ആറായിരത്തി ഇരുന്നൂറ് കിലോമീറ്ററിൽ റോഡ് പാച്ച് വർക്ക് ചെയ്യുന്നതിനുവേണ്ടി ടെണ്ടർ വിളിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ടുപയോഗിച്ച് നടത്തുന്ന പണികൾക്ക് നികുതി ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു. .

2010-ലെ കേരള ധനകാര്യബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം

സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.